## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4192 16.12.2014- ൽ മറുപടിക്ക്

## "വ്യവസായ ഗ്രാമ പ്രഖ്യാപനം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ആദ്യത്തെ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ അനേകം Industrial Promotional Activities വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിൽ വരുത്തുന്നുണ്ട്. അത്തരത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം മുൻകൈയെടുത്ത് കരുനാഗപ്പള്ളി താലൂക്കിലെ പന്മന ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത ഒരു ആശയമാണ് വ്യവസായ ഗ്രാമം. ഈ ആശയം നടപ്പിലാക്കുന്നതിന് വേണ്ടി ആദ്യമായി തെരഞ്ഞെടുത്തത് പന്മന ഗ്രാമപഞ്ചായത്തിനെയാണ്. |
| ബി) വ്യവസായ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) ഒരു വീട് ഒരു വ്യവസായ യൂണിറ്റ് എന്ന ഉദ്ദേശ്യത്തോടെ household industry പ്രോത്സാഹിപ്പിക്കുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉത്പാദന വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ആശയം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.<br><br>ഉത്പാദന മേഖലയിലെ വലിയ സംരംഭകരെ വ്യവസായ ഗ്രാമമായി തെരഞ്ഞെടുക്കുന്ന പ്രദേശത്തേക്ക് ക്ഷണിച്ച് വരുത്തി ആ പ്രദേശത്തെ തത്പരരായ ജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | raw material/product components എന്നിവ പ്രസ്തുത സംരംഭങ്ങളെക്കൊണ്ട് ലഭ്യമാക്കിപ്പിച്ച് ഉത്പന്നമുണ്ടാക്കി / കൂട്ടിയിണക്കി അവരെതന്നെ തിരികെ ഏല്പിക്കുക എന്നുള്ളതാണ് ഇതിന്റെ പ്രവർത്തനരീതി. ഇതിനു വേണ്ടി പരിശീലനം ആവശ്യമുള്ള ചെറുസംരംഭങ്ങൾക്ക് / ജനങ്ങൾക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായം നൽകുന്നു. ഇതിലൂടെ ജനങ്ങൾക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാകുന്നു. |
| സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ; | സി) | പന്മന വ്യവസായ ഗ്രാമവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് പന്മന ഗ്രാമ പഞ്ചായത്തും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവും ആണ്. |
| ഡി) | സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? വിശദാംശങ്ങൾ എന്തെല്ലാം? | ഡി) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**